സർക്കാർ/എയ്ഡഡ് കോളേജുകളില്ലാത്ത നിയോജക മണ്ഡലങ്ങൾ

14 (1031) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് കോളേജുകളില്ലാത്ത 22 നിയോജക മണ്ഡലങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പുതുതായി ഏതെല്ലാം മണ്ഡലങ്ങളിൽ സർക്കാർ/എയ്ഡഡ് കോളേജുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ലയിലെ സർക്കാർ/എയ്ഡഡ് കോളേജുകളുടെ പേര് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 1. ഉദുമ
2. പയ്യന്നൂർ
3. നാദാപുരം
4. ബാലുശ്ശേരി
5. കുന്നമംഗലം
6. കൊടുവള്ളി
7. മങ്കട
8. വേങ്ങര
9. തവനൂർ
10. തൃത്താല
11. കോങ്ങാട്
12. മലമ്പുഴ
13. ആലത്തൂർ

LIBRARY ARCHIVES Kerala Legislative Assembly

14. ചേലക്കര
15. ഒല്ലൂർ
16. വൈപ്പിൻ
17. കരുനാഗപ്പള്ളി
18. കാട്ടാക്കട
19. നെയ്യാറ്റിൻകര
20. താനൂർ
21. കൊണ്ടോട്ടി
22. തലശ്ശേരി.

മേൽപ്പറഞ്ഞ 22 മണ്ഡലങ്ങളിൽപ്പെട്ട 18 മണ്ഡലങ്ങളിൽ ഈ ഗവൺമെന്റ് കോളേജ് അനുവദിച്ചിട്ടുണ്ട്. അവയിൽ ഇനി കോളേജ് അനുവദിക്കാനുള്ള മണ്ഡലങ്ങൾ താഴെപ്പറയുന്നവയാണ്:

1. വൈപ്പിൻ, 2. കരുനാഗപ്പള്ളി, 3. മലമ്പുഴ, 4. ആലത്തൂർ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, നെയ്യാറ്റിൻകര നിയോജക മണ്ഡലങ്ങൾക്ക് ഓരോ സർക്കാർ ആർട്സ് & സയൻസ് കോളേജ് വീതം അനുവദിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ സർക്കാർ/എയ്ഡഡ് കോളേജുകളുടെ പേര് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

I. <u>തിരുവനന്തപുരം</u>

1. സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം
2. സർക്കാർ ആർട്സ് & സയൻസ് കോളേജ്, തിരുവനന്തപുരം
3. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
4. സർക്കാർ സംസ്കൃത കോളേജ്, തിരുവനന്തപുരം
5. സർക്കാർ അദ്ധ്യാപക ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം
6. എസ്.എസ്.റ്റി.സംഗീത കോളേജ്, തിരുവനന്തപുരം
7. ആൾ സെയിന്റ്സ് കോളേജ്, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

II. കഴക്കൂട്ടം

1. സർക്കാർ കോളേജ്, കാര്യവട്ടം
2. ലയോള സോഷ്യൽ സയൻസ് കോളേജ്, തിരുവനന്തപുരം
3. എസ്.എൻ.കോളേജ്, ചെമ്പഴന്തി
4. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
5. മാർ തിയോഫിലസ് ടെയിനിംഗ് കോളേജ്, നാലാഞ്ചിറ

III. വട്ടിയൂർക്കാവ്

എം.ജി.കോളേജ്, തിരുവനന്തപുരം

IV. നെടുമങ്ങാട്

സർക്കാർ കോളേജ്, നെടുമങ്ങാട്

V. കോവളം

സർക്കാർ കോളേജ്, കാഞ്ഞിരംകുളം

VI. ആറ്റിങ്ങൽ

1. സർക്കാർ കോളേജ്, ആറ്റിങ്ങൽ
2. എസ്.എൻ.ടെയിനിംഗ് കോളേജ്, നെടുങ്കണ്ട

VII. നെയ്യാറ്റിൻകര

സർക്കാർ ആർട്സ് & സയൻസ് കോളേജ്, കുളത്തൂർ, നെയ്യാറ്റിൻകര

VIII. കാട്ടാക്കട

സർക്കാർ ആർട്സ് & സയൻസ് കോളേജ്, മലയിൻകീഴ്, കാട്ടാക്കട

IX. നേമം

എൻ.എസ്.എസ്. വനിത കോളേജ്, തിരുവനന്തപുരം

X. അരുവിക്കര

ക്രിസ്ത്യൻ കോളേജ്, കാട്ടാക്കട

LIBRARY ARCHIVES Kerala Legislative Assembly

XI. വാമനപുരം

1. ഇക്ബാൽ കോളേജ്, പെരിങ്ങമല

2. മന്നാനിയ ആർട്സ് & സയൻസ് കോളേജ്, പാങ്ങോട്

XII. പാറശ്ശാല

വി.ടി.എം.എൻ.എസ്.എസ്. കോളേജ്, ധനുവച്ചപുരം

XIII. വർക്കല

എസ്.എൻ.കോളേജ്, ശിവഗിരി, വർക്കല

XIV. ചിറയിൻകീഴ്

സെന്റ് സേവ്യേഴ്സ് കോളേജ്, തിരുവനന്തപുരം.

സർക്കാർ മേഖലയിൽ പുതുതായി ആരംഭിച്ച കോളേജുകൾ

15 (1032) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ പുതുതായി എത്ര കോളേജുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) ഈ കോളേജുകളിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അദ്ധ്യാപകരുടെ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ പുതുതായി 19 കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം സർക്കാർ വനിത കോളേജിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ 19 കോളേജുകളിൽ 13 കോളേജുകൾക്ക് അദ്ധ്യാപക തസ്തികകളും 7 കോളേജുകൾക്ക് അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അധ്യാപകരുടെ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ കൈക്കൊണ്ടുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly